# മുത്തങ്ങയിൽ വെടിയേറ്റും വെട്ടേറ്റും

പി. അനൂപ്



മുത്തങ്ങയിൽ വെടിയേറ്റും വെട്ടേറ്റും

പി. അനൂപ്
(മലയാളം: ലേഖനം)

© 2025, P Anoop

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Path in a forest, a painting by Camille Pissarro (1830–1903). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മുത്തങ്ങയിൽ വെടിയേറ്റും വെട്ടേറ്റും

വികസിതകേരളം ജീവിതസൂചികകളിലെ അത്യുന്നതങ്ങളിൽ നിന്നു സന്തോഷിക്കുമ്പോഴും അതൊന്നും അറിയാത്തൊരു ജനത. അവരുടെ ജീവിതപ്രശ്നങ്ങളിൽ നിന്നുണ്ടായ പ്രതിഷേധമാണ് മുത്തങ്ങ സമരവും വെടിവയ്പ്പും. ഒരു ആദിവാസി യുവാവും പൊലീസ് കോൺസ്റ്റബിളും കൊല്ലപ്പെട്ട സംഘർഷം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കേരളം സാക്ഷ്യം വഹിച്ച ആദ്യത്തെ വലിയ പൊലീസ് നടപടി കൂടിയായിരുന്നു.


എം ഗീതാനന്ദൻ

ആദിവാസി ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് 2002-ൽ നടത്തിയ കുടിൽകെട്ടൽ സമരത്തോടെയാണ് ആദിവാസി പ്രശ്നം ഇടവേളയ്ക്കു ശേഷം വീണ്ടും പൊതുമണ്ഡലത്തിൽ എത്തുന്നത്. 48 ദിവസം നീണ്ട സമരത്തിനൊടുവിൽ എല്ലാ ആദിവാസി കുടുംബങ്ങൾക്കും അഞ്ച് ഏക്കർ വീതം ഭൂമി നൽകാമെന്നു സർക്കാർ സമ്മതിച്ചു. ഗോത്രമഹാസഭാ നേതാക്കളായ എം ഗീതാനന്ദൻ, സി കെ ജാനു എന്നിവർ മുഖ്യമന്ത്രി എ കെ ആന്റണിയുമായി നടത്തിയ ചർച്ചകളിലായിരുന്നു തീരുമാനം. ഇടുക്കി ഉൾപ്പെടെയുള്ള മേഖലകളിൽ കരാർ അനുസരിച്ചു ഭൂമി വിതരണത്തിനു നടപടി ഉണ്ടായെങ്കിലും വയനാട്ടിൽ ഇതിനു കഴിഞ്ഞില്ല. റവന്യൂ ഭൂമി ലഭ്യമല്ല എന്നായിരുന്നു സർക്കാർ നിലപാട്.


സി കെ ജാനു

കരാർ ലംഘിക്കുകയാണെന്ന് ആരോപിച്ച് ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ മുത്തങ്ങയിലെ വന്യജീവി സംരക്ഷണ കേന്ദ്രം കയ്യേറി ഊരായി പ്രഖ്യാപിച്ചു. വനംവകുപ്പ് കടുത്ത വിയോജിപ്പ് അറിയിച്ചെങ്കിലും ആദ്യത്തെ 40 ദിവസം പൊലീസ് നടപടികൾ ഉണ്ടായില്ല. ഇതിനിടെ കേന്ദ്ര വനംമന്ത്രി ടി ആർ ബാലു ആദിവാസികളെ ഒഴിപ്പിക്കണമെന്നു സർക്കാരിനു കത്തു നൽകുകയും ചെയ്തിരുന്നു.


എ കെ ആന്റണി

ആദിവാസികൾ മുത്തങ്ങയിൽ താമസം തുടങ്ങി ഒരുമാസത്തിനു ശേഷമാണു സംഘർഷഭരിതമായ രംഗങ്ങൾ തുടങ്ങുന്നത്. ഫെബ്രുവരി 17-ന് മുത്തങ്ങയിൽ തീ പടർന്നു. ഒഴിപ്പിക്കാൻ ഫോറസ്റ്റുകാർ നടത്തിയ നീക്കമെന്ന് ആദിവാസികളും പ്രശ്നം സംസ്ഥാനതല ശ്രദ്ധയിൽ കൊണ്ടുവരാൻ ആദിവാസികൾ ചെയ്തതെന്നു വനംവകുപ്പും ആരോപിച്ചു. അന്നു സ്ഥലത്തെത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും ഫോട്ടോഗ്രാഫറെയും ആദിവാസികൾ തടഞ്ഞുവച്ചു. സ്ഥലം ലഭിക്കുന്നതുവരെ വിട്ടയയ്ക്കില്ല എന്നായിരുന്നു നിലപാട്. 18-ന് ഉച്ചയ്ക്ക് ജില്ലാ കലക്ടർ കെ ഗോപാലൻ ആദിവാസി ഗോത്രമഹാസഭാ നേതാക്കളായ ജാനു, ഗീതാനന്ദൻ എന്നിവരുമായി നടത്തിയ ചർച്ചകൾക്കൊടുവിൽ ബന്ദികളാക്കിയവരെ വിട്ടയയ്ക്കാൻ തീരുമാനിച്ചു. അതേസമയം തന്നെ മുഖ്യധാരയിലെ ഭൂരിപക്ഷം രാഷ്ട്രീയ പാർട്ടികളും ആദിവാസി ഗോത്രസഭയ്ക്കെതിരേ നിലപാടു സ്വീകരിക്കുകയും സംയുക്ത പ്രതിഷേധം സംഘടിപ്പിക്കുകയും ചെയ്തു.

സി പി എം, കോൺഗ്രസ്, മുസ്ലിം ലീഗ്, ബി ജെ പി തുടങ്ങിയ കക്ഷികളെല്ലാം ചർച്ച നടക്കുന്ന ദിവസം തന്നെ സമീപ പ്രദേശങ്ങളിൽ പ്രതിഷേധ ജാഥ നടത്തി. 19-ന് നൂൽപ്പുഴ പഞ്ചായത്തിൽ ഹർത്താലിനും ആഹ്വാനമുണ്ടായി. അന്നാണ് യഥാർത്ഥ പൊലീസ് നീക്കവും ഉണ്ടായത്. തകരപ്പാടി വഴി വൻ പൊലീസ് സംഘമാണ് ആദിവാസി മേഖലകളിലേക്കു മാർച്ച് ചെയ്തത്. കണ്ണൂർ എ എ പി ബറ്റാലിയനിൽ നിന്നുള്ള പൊലീസുകാരും സുൽത്താൻ ബത്തേരി, മാനന്തവാടി സ്റ്റേഷൻ പരിധികളിലെ പൊലീസുകാരും സംഘത്തിൽ ഉണ്ടായിരുന്നു. 750 കോൺസ്റ്റബിൾമാരുടെ സംഘമായിരുന്നു അത്. വനംവകുപ്പ് ജീവനക്കാരും ഒപ്പമുണ്ടായിരുന്നു. കൽപ്പറ്റ ഡി വൈ എസ് പി ഉണ്ണി പി കെ, മാനന്തവാടി ഡി വൈ എസ് പി സതീശൻ കെ വി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സുചീന്ദർ പാൽ, ഡപ്യൂട്ടി കലക്ടർ കെ സി ഗോപിനാഥ് എന്നിവരാണു സംഘത്തെ നയിച്ചത്.

പൊലീസ് സംഘത്തെ കണ്ടതോടെ ആദിവാസികൾ പണിയായുധങ്ങളുമായി ചെറുത്തുനിൽപ്പു തുടങ്ങി. ആദ്യം കുടിൽകെട്ടിയിരുന്ന സ്ഥലങ്ങളിൽ നിന്ന് അവർക്കു പിന്മാറേണ്ടി വന്നു. വെട്ടുകത്തിയും അരിവാളും കോടാലിയും തുമ്പയുമൊക്കെയായിരുന്നു ആദിവാസികളുടെ ആയുധങ്ങൾ. പോലീസ് ലാത്തിവീശി മുന്നേറി. ഈ സമയത്താണ് നിർഭാഗ്യകരമായ സംഭവങ്ങൾ ആരംഭിക്കുന്നത്. ഒഴിപ്പിച്ച് ഒരു കേന്ദ്രത്തിൽ എത്തിയ പൊലീസ് സംഘത്തെ ആദിവാസികൾ വളഞ്ഞു. ചുറ്റും തീയിട്ടതോടെ നിരവധി പൊലീസുകാർ അപകടത്തിലാകുന്ന സ്ഥിതിയായി. ഇവരെ രക്ഷിക്കാൻ പൊലീസ് നിറയൊഴിച്ചു. ജോഗി എന്ന ആദിവാസി വെടിയേറ്റു വീണു. ആദിവാസികൾ തിരിച്ചു നടത്തിയ ആക്രമണത്തിൽ കണ്ണൂർ എ ആർ ക്യാംപിലെ കോൺസ്റ്റബിൾ വിനോദും വെട്ടേറ്റു മരിച്ചു. വിനോദിനേയും ശശിധരൻ എന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥനേയും ബന്ദികളാക്കിവച്ച ശേഷം വിനോദിനെ വെട്ടിക്കൊല്ലുകയായിരുന്നെന്നാണ് പൊലീസ് റിപ്പോർട്ട്.

സംഭവം നടക്കുമ്പോൾ സ്ഥലത്ത് ഇല്ലാതിരുന്ന ജാനുവിനേയും ഗീതാന്ദനേയും 22-ന് പൊലീസ് അറസ്റ്റ് ചെയ്തു. മർദ്ദനമേറ്റു നീരുവച്ച മുഖവുമായി ജാനു സ്റ്റേഷനിൽ നിൽക്കുന്ന ചിത്രം മാധ്യമങ്ങളിൽ അച്ചടിച്ചു വന്നു. മുത്തങ്ങ സമരം കഴിഞ്ഞു പതിറ്റാണ്ടു പിന്നിട്ടിട്ടും അന്ന് ഉന്നയിച്ചിരുന്ന പ്രശ്നങ്ങൾ പലതും പരിഹരിക്കപ്പെടാതെ തുടരുകയാണ്. പിന്നീട് തീവ്രസമരമാർഗ്ഗങ്ങൾ വിട്ട് നിൽപ്പുസമരം പോലുള്ള മാർഗ്ഗങ്ങളിലൂടെ ഗീതാനന്ദനും സി കെ ജാനുവും പ്രശ്നം സജീവമായി നിലനിർത്താൻ ശ്രമിച്ചു. എന്നാൽ 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ സി കെ ജാനു എൻ ഡി എ മുന്നണിയുടെ സ്ഥാനാർത്ഥി ആയതോടെ ഗോത്രമഹാസഭയുടെ നേതൃമുഖം രണ്ടായി. ഗീതാനന്ദൻ പഴയ നിലപാടുകളിൽ തുടരുന്നുണ്ടെങ്കിലും ജാനുവിനെ സംഘടനയുമായി സഹകരിപ്പിക്കുന്നില്ല. ജാനു സ്വന്തം പാർട്ടിയുണ്ടാക്കി എൻ ഡി എ മുന്നണിയിൽ ചേരുകയും ചെയ്തു.

□

# പി അനൂപ്



1974-ൽ ജനനം. പിതാവ് പരമേശ്വരൻ. മാതാവ് രമണി. മണക്കാട് ഗവ എൽ. പി. സ്കൂൾ, എൻ. എസ്. എസ്. ഹൈസ്കൂൾ, തൊടുപുഴ ന്യൂമാൻ കോളജ്, കാക്കനാട് കേരള പ്രസ് അക്കാദമി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1996 മുതൽ മാധ്യമപ്രവർത്തകൻ. ഐക്യകേരളത്തെ ഉലച്ച സംഭവങ്ങളുടേയും വിവാദങ്ങളുടേയും പുസ്തകം ഡിസി ബുക്സ് 2017-ൽ പ്രസിദ്ധീകരിച്ചു. ഇപ്പോൾ സായാഹ്നയിലൂടെ വീണ്ടും വെളിച്ചം കാണുന്നു. ‘ശയ്യാതല സഞ്ചാരിനീ’ എന്ന നോവലും സായാഹ്ന പ്രസിദ്ധീകരിച്ചു. ‘ഫൈവ് മില്യൺ എപിക്സ്’ എന്ന ഇംഗ്ലീഷ് നോവൽ വൈറ്റ് ഫാൽകൺ പബ്ളിഷേഴ്സ് ആണ് പുറത്തിറക്കിയതു്. ജംഗിൾ ബുക്കും ടാർസൺ കഥകളും മലയാളത്തിലേക്കു വിവർത്തനം ചെയ്തു.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014